**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2561** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഉദ്യം പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ ഉദ്യം പോർട്ടൽ രജിസ്ട്രേഷനിൽ 2021 മുതൽ കേരളത്തിന്റെ എം എസ് എം ഇ രജിസ്ട്രേഷൻ എത്രയാണെന്ന് വർഷം തിരിച്ചും ഇനം തിരിച്ചും ലഭ്യമാക്കുമോ? | (എ) | കേന്ദ്ര സൂക്ഷമ- ചെറുകിട- ഇടത്തരം മന്ത്രാലയത്തിന്റെ 02.07.2021 ലെ ഓഫീസ് മെമ്മോറാണ്ടം നമ്പർ 5/2(2)/2021-E/P&G/Policy പ്രകാരം ഇന്ത്യയിൽ പ്രവർത്തിച്ചു വരുന്ന ചില്ലറ മൊത്ത വ്യാപാര സ്ഥാപനങ്ങളെ എം.എസ്.എം.ഇ കളുടെ ഗണത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. ഇത് മുഖേന വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എം.എസ്.എം.ഇ കൾക്ക് ഉദ്യം രജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കും.<br><br>2021- ൽ ഉദ്യം രജിസ്ട്രേഷൻ നേടിയ മൈക്രോ, സ്മാൾ, മീഡിയം, സംരംഭങ്ങളുടെ എണ്ണം ആകെ 85143 ആയിരുന്നു. എന്നാൽ നിലവിൽ ആകെ 1452932 സംരംഭങ്ങൾ ഉദ്യം അസിസ്റ്റ് പ്ലാറ്റ്ഫോമിൽ ഉൾപ്പെടെ രജിസ്ട്രേഷൻ നേടിയിട്ടുണ്ട്.<br><br>സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ നാളിതുവരെ പുതിയതായി തുടങ്ങിയിട്ടുള്ള സംരംഭങ്ങളുടെ കണക്ക് 'yearofenterprises.kerala.gov.In' വെബ് സൈറ്റിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ